പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1359

13.06.2014 - ൽ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശയിളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 2004-2009 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്തവർക്കുള്ള പലിശയിളവ് നൽകുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ; | (എ) 2004-2009 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത, തൊഴിൽ രഹിതരായ, ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സംസ്ഥാന സർക്കാരിന്റെ പലിശ സബ്സിഡി സ്കീം പ്രകാരം അനുവദിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു.<br>2004-09 കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്ത, തൊഴിൽ രഹിതരായ, 3 ലക്ഷം രൂപ വാർഷിക കുടുംബ വരുമാനമുള്ളവർക്കായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പലിശ സബ്സിഡി പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ ജില്ലാടിസ്ഥാനത്തിൽ പരിശോധിച്ചു വരുന്നു. ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച ചില നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധനയിലാണ്. |

(2)

(ബി) ഈ കാലയളവിൽ വിദ്യാഭ്യാസ വായ്പയെടുത്തവർ എത്രയാണെന്നും പലിശയിളവ് ലഭിക്കുവാൻ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ജില്ല തിരിച്ച് പറയാമോ ;

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ അപേക്ഷകളിൽ എത്ര പേർക്ക് പലിശയിളവ് അനുവദിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പറയാമോ;

(സി) നാളിതുവരെ സർക്കാർ അനുവദിച്ച തുകയും അതിലുൾപ്പെടുന്ന അപേക്ഷകരുടെ എണ്ണവും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. ഇതിൽ ചെലവഴിച്ച തുക ജില്ലാ കളക്ടർ മാരിൽ നിന്നും ശേഖരിച്ചുവരുന്നു.

(ഡി) ഈ ആവശ്യത്തിനുവേണ്ടി അപേക്ഷിച്ചവർക്കെല്ലാം പലിശയിളവ് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇല്ല. പലിശ സബ്സിഡി സ്കീം പ്രകാരം അനുവദനീയമല്ലാത്ത അപേക്ഷകൾ ജില്ലാതലത്തിൽ നിരസിച്ചിട്ടുണ്ട്. കൂടാതെ ചില ജില്ലകളിൽ നിന്ന് ഇനിയും ഫണ്ട് അനുവദിക്കുവാൻ നിർദ്ദേശം ലഭിക്കാനുണ്ട്.

3 ലക്ഷം രൂപ വാർഷിക കുടുംബ വരുമാനമുള്ളവർക്ക് അനുവദിച്ച പലിശ സബ്സിഡി സ്കീം പ്രകാരം ലഭിച്ച അപേക്ഷകൾ ജില്ലാ കളക്ടർമാർ പരിശോധിച്ചു വരുന്നു. ചില ജില്ലാ കളക്ടർമാരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ പരിശോധനയിലാണ്.

(3)

| | | | |
|---|---|---|---|
| (ഇ) | പലിശയിളവിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം തീർപ്പുകൽപ്പിക്കാനുണ്ടെന്ന് പറയാമോ ? | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | പലിശയിളവ് അനുവദിച്ച അപേക്ഷകരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | ജില്ലാ കളക്ടറിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടില്ല | |
| കൊല്ലം | ഫണ്ട് അനുവദിക്കാൻ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. | |
| പത്തനംതിട്ട | 360 | 2,29,33,000/- |
| ആലപ്പുഴ | 504 | 3,12,60,000/- |
| കോട്ടയം | 2527 | 12,08,37,000/- |
| ഇടുക്കി | 1192 | 6,27,60,000/- |
| എറണാകുളം | 649 | 4,14,45,000/- |
| തൃശ്ശൂർ | 470 | 3,21,17,000/- |
| പാലക്കാട് | 148 | 73,53,000/- |
| മലപ്പുറം | ജില്ലാ കളക്ടറിൽ നിന്നും കൃത്യമായ നിർദ്ദേശം ലഭിച്ചിട്ടില്ല. | |
| കോഴിക്കോട് | 503 | 2,07,43,000/- |
| വയനാട് | 8 | 2,60,000/- |
| കണ്ണൂർ | 362 | 1,83,03,000/- |
| കാസർഗോഡ് | 118 | 63,64,000/- |
| **ആകെ** | **6481** | **36,43,76,000/-** |